>> പ്രഭാഷണം

(2008 ഫെബ്രുവരി 25-ന് കോഴിക്കോട് ഹിറാ സെന്ററിൽ ക്ഷണിക്കപ്പെട്ട സദസ്സിനു മുമ്പാകെ ചെയ്ത പ്രസംഗം)

# ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ അതിജീവനം

● റാശിദുൽ ഗനൂശി

**ഇന്ത്യ** സന്ദർശിക്കാൻ കഴിഞ്ഞതിൽ എനിക്ക് പറഞ്ഞറിയിക്കാൻ കഴിയാത്ത ആഹ്ലാദമുണ്ട്. ഇസ്‌ലാം അതിന്റെ പ്രയാണം ആരംഭിച്ചത് മുതൽതന്നെ ഇന്ത്യക്ക് ആ പ്രയാണപഥത്തിൽ വലിയൊരു സ്ഥാനമുണ്ടായിരുന്നു. ഇസ്‌ലാമിക ചരിത്രം പഠിക്കുന്ന ഏതൊരു വിദ്യാർഥിയും ഇസ്‌ലാമിന്റെ കോട്ടകളിലൊന്നായാണ് ഇന്ത്യയെ കണ്ടെത്തുക. ശാഹ് വലിയുല്ലാഹിയെപ്പോലുള്ള പൂർവകാല പണ്ഡിതന്മാർക്കും മൗലാനാ അബുൽ അഅ്‌ലാ മൗദൂദി, അബുൽ ഹസൻ അലീ നദ്‌വി, മസ്ഊദ് ആലം നദ്‌വി തുടങ്ങിയ സമകാലികർക്കും ശിഷ്യപ്പെടാതെ സമകാലിക ഇസ്‌ലാമിന് മുന്നോട്ടു പോവാനാവില്ല. സാഹിത്യകാരന്മാരാകട്ടെ അല്ലാമാ മുഹമ്മദ് ഇഖ്ബാലിന്റെ ശിഷ്യത്വം സ്വീകരിക്കുന്നു. അറബി സാഹിത്യകാരന്മാരിൽ ഇഖ്ബാലിനെ അറിയാത്തവർ ഉണ്ടാവില്ല.

അറബ് ലോകത്തിന്റെ പ്രകൃത്യായുള്ള വിപുലനമായിട്ടാണ് ഞാൻ ഇന്ത്യയെ കാണുന്നത്. ഇരു നാടുകളും തമ്മിലുള്ള അടുത്തബന്ധം ചരിത്രത്തിലുടനീളം നിലക്കാതെ തുടർന്നു പോന്നിട്ടുണ്ട്. ആഗോള ഇസ്‌ലാമിക പ്രസ്ഥാനത്തെ രൂപപ്പെടുത്തുന്നതിൽ ഇന്ത്യയിലെ ഇസ്‌ലാമിക പ്രസ്ഥാനത്തിന് പ്രസ്താവ്യമായ പങ്കാണുള്ളത്. ലോകത്തെ ഏറ്റവും വലിയ ഇസ്‌ലാമിക പ്രസ്ഥാനമാണ് അൽ ഇഖ്‌വാനുൽ മുസ്‌ലിമൂൻ. അവർക്ക് ഒരു ആഗോള അജണ്ടയുണ്ട്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇഖ്‌വാന് അറുപത് കേന്ദ്രങ്ങളുണ്ട്. ആ മഹാപ്രസ്ഥാനം ഇന്ത്യയിലോ പാകിസ്താനിലോ ബംഗ്ലാദേശിലോ ഒരു ശാഖ തുടങ്ങട്ടെ എന്ന് ആലോചിച്ചിട്ടില്ല. കാരണം, അവർ ജമാഅത്തെ ഇസ്‌ലാമിയിൽ കാണുന്നത് തങ്ങളെത്തന്നെയാണ്. അവ രണ്ടും സഹോദര സംഘടനകളാണ്. അതുകൊണ്ട് ഇഖ്‌വാൻ ഈ നാടുകളിൽ സ്വന്തം ശാഖകൾ രൂപവത്കരിച്ച് മത്സരിക്കാനിറങ്ങുന്നതിന് യാതൊരു ഔചിത്യവുമില്ല. ലക്ഷ്യവും പ്രവർത്തനമാർഗവും ഒന്നാണെങ്കിൽ പിന്നെ എന്തിന് ഒരേ സ്വഭാവത്തിലുള്ള രണ്ടു സംഘടനകൾ?

## എന്താണ് ഇസ്‌ലാമിക പ്രസ്ഥാനം?

ഇസ്‌ലാമിക പ്രസ്ഥാനം എന്നത് പുതിയ ആശയമാണ്. ഇസ്‌ലാം അങ്ങനെയല്ല; അതിന് പഴക്കമുണ്ട്. ഇസ്‌ലാമിക പ്രസ്ഥാനം പരിഷ്കരണത്തിനു വേണ്ടി നിലകൊള്ളുന്നു എന്നത് ശരിതന്നെയാണ്. കാലാകാലങ്ങളിലായി സമൂഹത്തിലുണ്ടാകുന്ന വ്യതിചലനങ്ങളെ തിരുത്തുന്ന



കോഴിക്കോട് ഹിറാ സെന്ററിൽ

പ്രസ്ഥാനം. ഇനിയൊരു പ്രവാചകൻ വരാനില്ലാത്തതുകൊണ്ട് മുസ്‌ലിം സമൂഹം നേർപാതയിൽനിന്ന് തെറ്റിപ്പോകാനും ജീർണിക്കാനും സാധ്യതയുണ്ട്. അതുകൊണ്ടാണ് നബി(സ) തന്റെ സമൂഹത്തിൽ പരിഷ്കർത്താക്കൾ വന്നുകൊണ്ടിരിക്കും എന്ന് വാഗ്ദാനം നൽകിയത്. ഈ പരിഷ്കർത്താക്കൾ ഇസ്‌ലാമിനെ പരിഷ്കരിക്കാൻ വരുന്നവരല്ല. കാരണം, ഇസ്‌ലാം പരിഷ്കരിക്കേണ്ട ആവശ്യമില്ല. സമൂഹത്തിന് ഇസ്‌ലാമിനോടുള്ള നിലപാടിനെയാണ് അവർ പരിഷ്കരിക്കുന്നത്. അല്ലാമാ ഇഖ്ബാൽ തന്റെ കൃതിക്ക് 'ഇസ്‌ലാമിക ചിന്തയുടെ പുനഃസംവിധാനം' എന്നാണ് പേരിട്ടത്. ഇസ്‌ലാമിന്റെ പുനഃസംവിധാനം എന്നല്ല. അതായത് ഇസ്‌ലാമിനെക്കുറിച്ച നമ്മുടെ കാഴ്ചപ്പാടിലാണ് തിരുത്തൽ വേണ്ടിവരിക. ആ കാഴ്ചപ്പാട് വികൃതമായിത്തീരാൻ ഇടയുണ്ട്. ആ അർഥത്തിൽ ഇസ്‌ലാമിക പ്രസ്ഥാനം പരിഷ്കരണ പ്രസ്ഥാനമാണ്. സമൂഹമെന്ന ഈ തീവണ്ടി, പാളം തെറ്റാതെ ഓടുന്നു എന്ന് ഉറപ്പു വരുത്തലാണ് അതിന്റെ ബാധ്യത.

വഴിതെറ്റുമ്പോൾ യഥാർഥ വഴിയിലേക്കുതന്നെ കൊണ്ടുവരിക എന്ന ഈ ജോലി ഒരു കാലത്തും അവസാനിക്കുകയില്ല. ഓരോ കാലത്തും അല്ലാഹു പണ്ഡിതന്മാരെ പരിഷ്കർത്താക്കളായി അയച്ചുകൊണ്ടിരിക്കും. 'ഇസ്‌ലാമിക പ്രസ്ഥാനം' എന്ന സംജ്ഞ പുതിയതാണെങ്കിലും, ഇസ്‌ലാമിക സമൂഹത്തിന്റെ പരിഷ്കരണം എന്നത് പണ്ടുമുതലേ ഉള്ളതാണ് എന്നർഥം. ഹിജ്റ ഒന്നാം നൂറ്റാണ്ടിന്റെ ഒടുവിൽ രംഗപ്രവേശം ചെയ്ത ഉമറുബ്നു അബ്ദിൽ അസീസ് ആണ് ആദ്യ പരിഷ്കർത്താവായി കണക്കാക്കപ്പെടുന്നത്. നാല് ഇമാമുമാർ, ജഅ്ഫർ സ്വാദിഖ്, ഇബ്നു തൈമിയ, ഗസ്സാലി തുടങ്ങി മുഹമ്മദ്ബ്നു അബ്ദിൽ വഹാബ്, ശാഹ് വലിയ്യുല്ലാ വരെ നീളുന്ന പരിഷ്കർത്താക്കളുടെ കണ്ണി മുറിയാത്ത ഒരു ശൃംഖല തന്നെയുണ്ട്. എന്നാൽ ആധുനിക ഇസ്‌ലാമിക പ്രസ്ഥാനങ്ങളെക്കുറിച്ച് നാം സംസാരിക്കുമ്പോൾ, തീർത്തും സവിശേഷമായ ഒരു പരിഷ്കരണ സംരംഭത്തെയാണ് നാം പരിചയപ്പെടുത്തുന്നത്. ഇസ്‌ലാമിക സമൂഹത്തിലുണ്ടായ മാറ്റങ്ങളുടെ പ്രതിഫലനമാണത്.

## ചരിത്രത്തിലെ വ്യതിയാനങ്ങൾ

തുടക്കത്തിൽ ഇസ്‌ലാമിക സമൂഹത്തെ നയിച്ചത് ശരീഅത്താണ്. സച്ചരിതരായ നാല് ആദ്യകാല ഖലീഫമാരുടെ കാലത്ത് ഭരണത്തിന്റെ കടിഞ്ഞാൺ നിപുണരായ പണ്ഡിതന്മാരുടെ കൈകളിലായിരുന്നു. ഖിലാഫത്ത് രാജാധിപത്യത്തിന് വഴിമാറിയപ്പോൾ, ആരുടെ കൈയിലായിരുന്നോ അധികാരം അവരുടെ നിയന്ത്രണത്തിലായി സമൂഹം. ഉമവീ ഭരണം മുതൽക്കാണ് ഈ മാറ്റം. അധികാര ശക്തിയായിത്തീർന്നു നിയമത്തിന്റെ ഉറവിടം. സത്യപ്രമാണങ്ങൾക്ക് വിലകൽപ്പിക്കപ്പെടാതായി. യഥാർഥ ഖിലാഫത്തിന്റെ അടിസ്ഥാനമാകട്ടെ സത്യപ്രമാണങ്ങളായിരുന്നു താനും. സ്വാഭാവികമായും പണ്ഡിതന്മാർ ഈ വ്യതിചലനത്തിനെതിരെ രംഗത്തുവന്നു. ഖിലാഫത്തിനെ അതിന്റെ ആദിമവിശുദ്ധിയിലേക്ക് തിരിച്ചുകൊണ്ടുപോകാൻ അവർ ശ്രമിച്ചു. അതിനുവേണ്ടി രക്തസാക്ഷികളായവരുണ്ട്.

പക്ഷേ, ചരിത്രം കഴിഞ്ഞുപോയിരുന്നു. അതിനെ പിറകോട്ടുതിരിച്ച് ഭരണക്രമത്തെ പഴയതിലേക്ക് കൊണ്ടുപോകാൻ സാധ്യമല്ലെന്ന് പണ്ഡിതന്മാർ മനസ്സിലാക്കി. ഭരണാധികാരികളുമായി ഒരു ധാരണയിലെത്താനായി പിന്നെ ശ്രമം. പണ്ഡിതന്മാർ ഭരണകർത്താക്കളോട് പറഞ്ഞു: 'അധികാരം ഞങ്ങൾ നിങ്ങൾക്ക് വിട്ടുതരാം. പക്ഷേ, ഫിഖ്ഹിൽ നിങ്ങൾ ഇടപെടരുത്.' എന്താണ് ഈ ഫിഖ്ഹ്? മറ്റൊന്നുമല്ല, ഇസ്‌ലാമിന്റെ വ്യാഖ്യാനം. അതായത് ഭരണാധികാരി ഇസ്‌ലാം വ്യാഖ്യാനിക്കാൻ വരരുത്. അത് പണ്ഡിതന്മാർ ചെയ്തുകൊള്ളും. അങ്ങനെ പണ്ഡിതന്മാർ ഭരണാധികാരികളിൽനിന്ന് ഈ വ്യാഖ്യാനാവകാശം ഏറ്റെടുത്തു. ഭരണാധികാരി കാര്യങ്ങൾ നടത്തുന്നവൻ മാത്രമായി. ദീനിനെ വ്യാഖ്യാനിക്കാൻ അയാൾക്ക് അധികാരമില്ല. അത് പണ്ഡിതന്മാരുടെ അവകാശമാണ്. ഇമാം അഹ്മദുബ്നു ഹമ്പലിന് ഏൽക്കേണ്ടിവന്ന പീഡനങ്ങൾ നമുക്കെല്ലാം അറിയാം. അന്നത്തെ ശക്തനായ അബ്ബാസീ ഭരണാധികാരി മഅ്മൂൻ (അദ്ദേഹം പണ്ഡിതൻ കൂടിയായിരുന്നു) ദീനിന് സ്വന്തമായി ഒരു വ്യാഖ്യാനമുണ്ടാക്കുകയും, അത് സമൂഹത്തിനുമേൽ അടിച്ചേൽപിക്കാൻ ശ്രമിക്കുകയും ചെയ്തതാണ് അതിന് ഹേതു. ഖുർആൻ സൃഷ്ടിയാണോ അല്ലേ എന്ന തർക്കത്തിൽ മഅ്മൂൻ സ്വന്തമായി തീർപ്പിലെത്തി. അത് സ്വീകരിക്കണമെന്ന് സമൂഹത്തോട് പറഞ്ഞു. 'അത് താങ്കളുടെ അധികാര പരിധിയിൽ പെട്ടതല്ല; ഭരണമാണ് ഞങ്ങൾ താങ്കളെ ഏൽപിച്ചത്. ഇസ്‌ലാമിനെ സ്വന്തമായി വ്യാഖ്യാനിച്ച് അത് ഞങ്ങളുടെ മേൽ അടിച്ചേൽപിക്കാൻ താങ്കൾക്ക് അവകാശമില്ല.' ഇമാം ഇബ്നു ഹമ്പൽ തിരിച്ചടിച്ചു. അത് ഏറ്റുമുട്ടലിലേക്ക് നയിച്ചു.

മറ്റൊരു അബ്ബാസീ ഭരണാധികാരിയാണ് മൻസ്വൂർ. നല്ല പണ്ഡിതൻ. ഒരിക്കൽ അദ്ദേഹം ഇമാം മാലികിനോട് പറഞ്ഞു. 'ഇസ്‌ലാമിന്റെ ഏക ആധികാരിക വ്യാഖ്യാനം താങ്കൾ രചിച്ച 'മുവത്വ' എന്ന കൃതിയാണെന്ന് ഞാൻ ജനങ്ങളോട് പറയാൻ പോവുകയാണ്.' ഒരിക്കലും അങ്ങനെ ചെയ്യരുതെന്ന് ഇമാം മാലിക് അഭ്യർഥിച്ചു. 'ധാരാളം അറിവ് സ്വായത്തമാക്കിയ നബി(സ)യുടെ സന്തത സഹചാരികൾ പലകാര്യങ്ങളിൽ ഭിന്നാഭിപ്രായങ്ങൾ പുലർത്തിയിട്ടുണ്ട്. ഈ അഭിപ്രായങ്ങളിൽ ജനങ്ങൾ അവർക്കിഷ്ടമുള്ളത് തെരഞ്ഞെടുക്കട്ടെ. ഇത് മാലികിന്റെ അഭിപ്രായം മാത്രമാണ്. വേറെയും അഭിപ്രായങ്ങളുണ്ട്.'

അങ്ങനെ ഇസ്‌ലാമിക പണ്ഡിതന്മാർ സമൂഹത്തിൽ 'ചർച്ച്' വളർന്നു വരുന്നത് തടഞ്ഞു. ഭരണകൂടത്തെ ഇസ്‌ലാമിന്റെ ഔദ്യോഗിക വ്യാഖ്യാനം അടിച്ചേൽപിക്കുന്ന ഉപകരണമായി മാറ്റാൻ ഭരണാധികാരികളെ അവർ അനുവദിച്ചില്ല. ഇമാം ഇബ്നു ഹമ്പൽ രാഷ്ട്രത്തെ ഒന്നടങ്കം തോൽപിക്കുകയായിരുന്നു. പീഡനങ്ങൾ ഏറ്റുവാങ്ങേണ്ടി വന്നെങ്കിലും അദ്ദേഹത്തിന്റെ പിന്നിൽ സമൂഹം ഉറച്ചുനിന്നു. ഒടുവിൽ രാഷ്ട്രം അതിന്റെ ഉദ്യമത്തിൽനിന്ന് പിന്തിരിഞ്ഞു. ഇസ്‌ലാമിനെ വ്യാഖ്യാനിക്കേണ്ടത് പണ്ഡിതന്മാരാണ്, ഭരണാധികാരികളല്ല എന്ന് സ്ഥാപിച്ചെടുക്കുകയായിരുന്നു അദ്ദേഹം. ഭരണകർത്താക്കൾക്ക് വഴങ്ങാതെ സ്വതന്ത്രരായാണ് പണ്ഡിത സമൂഹം നിലകൊണ്ടത് എന്നർഥം. പണ്ഡിതന്മാരുടെ സഹായവും പിന്തുണയുമില്ലാതെ ഭരിക്കാൻ കഴിയാത്ത സാഹചര്യവും വന്നുചേർന്നു. പണ്ഡിതന്മാരുടെ ബൈഅത്ത് (അനുസരണ പ്രതിജ്ഞ) കിട്ടിയില്ലെങ്കിൽ ഭരണാധികാരി വീഴും. ആ ഭരണത്തിന് നിയമസാധുത നഷ്ടപ്പെടും.

ഇങ്ങനെ നോക്കുമ്പോൾ ഇസ്‌ലാമിക ചരിത്രത്തിന് മൂന്ന് ഘട്ടങ്ങളുണ്ട്. ഒന്ന്, ആദ്യ നാല് ഖലീഫമാരുടെ സുവർണ കാലഘട്ടം. സത്യപ്രമാണങ്ങളായിരുന്നു അന്ന് ഭരണക്രമത്തിന്റെ ആധാരം. പണ്ഡിതന്മാർ തന്നെയായിരുന്നു ഭരി

ച്ചിരുന്നതും. രണ്ടാം ഘട്ടത്തിൽ, നാം വിവരിച്ച പോലെ, പണ്ഡിതന്മാരും ഭരണകർത്താക്കളും പങ്കാളികളായിരുന്നു. നമ്മളിപ്പോൾ ജീവിക്കുന്നത് മൂന്നാം ഘട്ടത്തിലാണ്. ഇസ്‌ലാമിക ലോകത്ത് പാശ്ചാത്യ കൊളോണിയൽ അധിനിവേശം നടന്നതിന് ശേഷമാണ് ഈ ഘട്ടം ആരംഭിച്ചത്. അധിനിവേശത്തെ തുടർന്ന് ഖിലാഫത്ത് വ്യവസ്ഥ തകർക്കപ്പെട്ടു. ഇസ്‌ലാമിക ലോകം കൊച്ചുകൊച്ചു ദേശരാഷ്ട്രങ്ങളായി ശിഥിലമായി. പണ്ഡിതന്മാർ വെറും പദവിയിൽ താഴ്ന്ന ഉദ്യോഗസ്ഥരായി ചുരുക്കപ്പെട്ടു. അൽ അസ്ഹർ യൂനിവേഴ്സിറ്റിയുടെ റെക്ടർക്ക് ഇന്ന് യാതൊരുവിധ അധികാരവുമില്ല. അധികാരികളെ ചോദ്യം ചെയ്താൽ അദ്ദേഹം ഇല്ലാതാക്കപ്പെടും. രഹസ്യാന്വേഷണ വിഭാഗത്തിന്റെ ഇംഗിതംനോക്കി പ്രവർത്തിക്കുന്ന ചെറിയൊരു ഉദ്യോഗസ്ഥൻ മാത്രമാണ് ഇന്ന് ശൈഖുൽ അസ്ഹർ. എന്തുകൊണ്ട്? അൽ അസ്ഹർ മുഴുവൻ ഇന്ന് ഒരു ഭരണകൂട സ്ഥാപനമാണ്. ഭരണകൂടത്തെ പിന്തുണക്കലാണ് ആ സ്ഥാപനത്തിന്റെയും അതിലെ പണ്ഡിതന്മാരുടെയും ചുമതല.

## ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ ആവിർഭാവം

ഈയൊരു ഘട്ടത്തിലാണ് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ ജന്മം കൊള്ളുന്നത്. അതായത്, പണ്ഡിതന്മാരുടെ അധികാരങ്ങൾ പൂർണമായി എടുത്തുമാറ്റപ്പെടുകയും അവയെല്ലാം ഭരണാധികാരികൾ കൈയടക്കുകയും ചെയ്ത ഘട്ടത്തിൽ. അപ്പോഴേക്കും ഖിലാഫത്ത് ഭരണക്രമം തകർക്കപ്പെട്ടിരുന്നു. ശരീഅത്തിനനുസരിച്ച വ്യവഹാരങ്ങൾ ഒരിടത്തും ഉണ്ടായിരുന്നില്ല. ഭരണമുൾപ്പെടെയുള്ള വ്യവഹാരങ്ങൾ ശരീഅത്ത് അനുസരിച്ചാവണം എന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ രംഗപ്രവേശം. ഇമാം ഹസനുൽ ബന്ന അൽ ഇഖ്‌വാനുൽ മുസ്‌ലിമൂൻ രൂപീകരിക്കുന്നത് 1928-ലാണ്. ഏതാനും വർഷങ്ങൾ കഴിഞ്ഞ് 1941-ൽ ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ ജമാഅത്തെ ഇസ്‌ലാമിയും സ്ഥാപിതമായി. ഇസ്‌ലാമിക സമൂഹം തകർന്ന് ശിഥിലമായതിന്റെ പ്രതികരണങ്ങളായിരുന്നു ഇതെല്ലാം. ഇസ്‌ലാമിക സമൂഹത്തിന്റെ പുനർനിർമാണം തന്നെയായിരുന്നു ഈ പ്രസ്ഥാനങ്ങളുടെ രൂപീകരണ ലക്ഷ്യം.

മുൻകാല പരിഷ്കർത്താക്കൾക്ക് അറ്റകുറ്റപ്പണികൾ നടത്തുകയും വ്യതിചലനങ്ങൾ തടയുകയും ചെയ്താൽ മതിയായിരുന്നു. കാരണം ഇസ്‌ലാമിക സമൂഹമാകുന്ന കെട്ടിടം അവിടെയുണ്ടായിരുന്നു. ഇപ്പോൾ കെട്ടിടം തന്നെ തകർന്നിരിക്കുകയാണ്. അതാദ്യം പുനർനിർമിക്കണം. ഇമാം ഹസനുൽ ബന്നക്കും മൗലാനാ മൗദൂദിക്കും മുമ്പുള്ള പണ്ഡിതന്മാർ കൊളോണിയൽ അധിനിവേശകർക്കെതിരെ ജിഹാദിന് ആഹ്വാനം നടത്തിയിരുന്നു. ഇന്ത്യയിൽ അഹ്മദ് ശഹീദും മറ്റും നടത്തിയ പോരാട്ടങ്ങൾ ഉദാഹരണം. ഇതുപോലെ അറേബ്യയിലും ആഫ്രിക്കയിലും പണ്ഡിതന്മാരുടെ നേതൃത്വത്തിൽ കൊളോണിയൽ വിരുദ്ധ പോരാട്ടങ്ങൾ നടന്നിരുന്നു. പത്തൊമ്പതാം നൂറ്റാണ്ട് ഇത്തരം ജിഹാദീപ്രസ്ഥാനങ്ങളുടേതാണെന്നു പറയാം. അധിനിവേശക്കാരെ പുറത്താക്കുന്നതോടെ ഇവയുടെ ദൗത്യം അവസാനിച്ചു. അധിനിവേശക്കാർക്കു ശേഷം അധികാരം കൈപിടിയിലൊതുക്കിയത് തനി മതവിരുദ്ധ ശക്തികളായിരുന്നു. അവർ പണ്ഡിത സമൂഹത്തെ ഭരണകൂട സേവകരാക്കി മാറ്റി. ഈ അർഥത്തിൽ ജിഹാദീ പ്രസ്ഥാനങ്ങൾ പരാജയമായിരുന്നു.

ഇതാണ് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ ആവിർഭവിക്കാനുള്ള കാരണം. അവ നിലവിൽവന്നത് രണ്ടു കാര്യങ്ങൾക്കാണ്. ഒന്ന്, നേരത്തെ പറഞ്ഞപോലെ ഇസ്‌ലാമിക സമൂഹത്തിന്റെ പുനർനിർമാണത്തിനും നഷ്ടപ്പെട്ട അധികാരശക്തികൾ അതിന് തിരിച്ച് നൽകുന്നതിനും. രണ്ടാമത്തേത് ജിഹാദീ പ്രസ്ഥാനങ്ങളുടെ പരാജയത്തിന്റെ പശ്ചാത്തലത്തിൽ വിലയിരുത്തണം. ആ പ്രസ്ഥാനങ്ങൾ വ്യക്തികളെ കേന്ദ്രീകരിച്ചുള്ളതായിരുന്നു. ശൈഖ് മുഹമ്മദ് അബ്ദു, ജമാലുദ്ദീൻ അഫ്ഗാനി തുടങ്ങിയവരുടെ പ്രസ്ഥാനങ്ങളെല്ലാം ഇത്തരത്തിലുള്ളതാണ്. പാശ്ചാത്യ പദ്ധതികളെ നേരിടാൻ വ്യക്തികേന്ദ്രീകൃത പ്രസ്ഥാനങ്ങൾക്കാവുമെന്ന് ഈ പണ്ഡിതന്മാർ ധരിച്ചു. അത് സാധ്യമല്ലെന്നും സംഘടിത പ്രവർത്തനങ്ങൾക്കേ അതിന് കഴിയൂ എന്നും പിന്നീട് ബോധ്യമായി.

പ്രമുഖ ചിന്തകൻ മുഹമ്മദ് അമ്മാറയുടെ അഭിപ്രായത്തിൽ, ശൈഖ് മുഹമ്മദ് അബ്ദുവിന്റെയും ദഹ്‌ലവിയുടെയും അഫ്ഗാനിയുടെയും പ്രവർത്തനങ്ങൾ ബുദ്ധിയെ സംസ്കരിക്കുന്നതിനു വേണ്ടിയായിരുന്നു. ബുദ്ധിയെ സംസ്കരിച്ചതു കൊണ്ടുമാത്രം മതിയാവില്ലെന്ന് ബന്നയും മൗദൂദിയും മനസ്സിലാക്കി. ബുദ്ധി സംസ്കരിക്കപ്പെടേണ്ടതു തന്നെ. പക്ഷേ, ബുദ്ധിക്ക് ഒരു ബദൽ സംവിധാനം നിർണയിച്ചു കൊടുക്കേണ്ടതുണ്ട്; ആ സംവിധാനമാണ് സംഘടന. നിലവിലുള്ള ഒരു രാഷ്ട്രവും നമ്മുടെ രാഷ്ട്രമല്ല എന്ന തിരിച്ചറിവാണ് സംഘടനയുണ്ടാക്കാനുള്ള പ്രചോദനം.

## ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ലക്ഷ്യങ്ങൾ

അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ഇസ്‌ലാമിക പ്രസ്ഥാനം ഒരു വിജയിച്ച സംരംഭമാണ്. കാരണം മിക്ക ലക്ഷ്യങ്ങളും അതിന് കൈവരിക്കാൻ കഴിഞ്ഞിരിക്കുന്നു. എന്താണ് ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ലക്ഷ്യങ്ങൾ? ഇസ്‌ലാമിക സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും പുനഃസംവിധാനം. ഇതായിരുന്നു വലിയൊരു ലക്ഷ്യം. അതായത് ചരിത്രത്തിൽ ഇസ്‌ലാമിന് നഷ്ടപ്പെട്ടുപോയ സ്ഥാനം തിരിച്ചു നൽകുക. ആചാരങ്ങളിലേക്കും ആഘോഷങ്ങളിലേക്കുമായി ഇസ്‌ലാം ചുരുക്കപ്പെട്ട് പോയിരുന്നു. നമസ്കാരം വേറെ, സകാത്ത് വേറെ - ഇതായിരുന്നു സ്ഥിതി. വ്യക്തി ജീവിതത്തിൽ വളരെ ഭക്തനായ ഒരു മുസ്‌ലിമിന് തന്റെ സാമ്പത്തിക ഇടപാടുകളും മറ്റും യാതൊരു മതബോധവുമില്ലാത്തവനെപ്പോലെ തോന്നിയപടി കൈകാര്യം ചെയ്യുന്നതിന് യാതൊരു മനഃസാക്ഷിക്കുത്തും ഉണ്ടായിരുന്നില്ല. അറ്റുപോയ ഈ ദീൻ-ദുൻയാവ് ബന്ധത്തെ വിളക്കിച്ചേർക്കുകയാണ് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ ചെയ്തത്; വിശ്വാസാദർശങ്ങളെയും സാമ്പത്തിക പ്രവർത്തനങ്ങളെയും അത് ബന്ധിപ്പിച്ചു.

'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന ആദർശ വാക്യത്തിന്റെ യഥാർഥ വിവക്ഷ എന്തെന്ന് ഇസ്‌ലാമിക പ്രസ്ഥാനം ജനങ്ങളെ പഠിപ്പിച്ചു. 'അല്ലാഹു അല്ലാതെ ആരാധ്യനില്ല' എന്നുപറഞ്ഞാൽ നമസ്കാരവും അതുപോലുള്ള അനുഷ്ഠാനങ്ങളും അല്ലാഹുവിനാണ് എന്ന് മാത്രമല്ല അർഥം. സാമ്പത്തിക രംഗം, നീതിന്യായം തുടങ്ങി അന്താരാഷ്ട്ര നിയമങ്ങൾ വരെ സകലതും ലാഇലാഹ ഇല്ലല്ലാഹ് എന്ന അടിവേരിൽനിന്ന് ഊർജം വലിച്ചെടുത്ത് രൂപപ്പെടുന്നവയാകണം. ഈയൊരു ധാരണയും ഗ്രാഹ്യവും ജനമനസ്സുകളിൽ ഉറപ്പാക്കുന്നതിന് വേണ്ടിയാണ് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ ഇന്ന് കാണുന്ന അവയുടെ സംഘടനാ സംവിധാനങ്ങൾ ഉണ്ടാക്കിയത്. രാഷ്ട്രീയ പ്രവർത്തനമായിരുന്നില്ല ആ സംഘടനാ സംവിധാനം കൊണ്ട് ഉദ്ദേശിക്കപ്പെട്ടത്. മതത്തെയും രാഷ്ട്രത്തെയും, മതത്തെയും ഭൗതിക ജീവിത

ത്തെയും ബന്ധിപ്പിക്കുന്ന പാലം പണിയുക എന്നതു തന്നെയായിരുന്നു ലക്ഷ്യം. ഇതിനെയാണ് പാശ്ചാത്യർ മൗലികവാദം എന്ന് വിളിക്കുന്നത്. നാം ഇസ്‌ലാമിനെ സമഗ്രമായി മനസ്സിലാക്കുന്നതിനെയാണ് പാശ്ചാത്യർ മൗലികവാദം എന്ന് ആക്ഷേപിക്കുന്നതെങ്കിൽ നമുക്ക് മൗലികവാദികളാവുന്നതിൽ അഭിമാനമേയുള്ളൂ.

സകല മനുഷ്യ വ്യവഹാരങ്ങളും ഇസ്‌ലാമിക വ്യവസ്ഥക്ക് കീഴിലാവുക എന്ന ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ ലക്ഷ്യം ഇപ്പോഴും വിദൂരത്ത് തന്നെയാണ്. കാരണം ഇത് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ മാത്രം വിചാരിച്ചാൽ നേടാൻ കഴിയുന്ന ഒന്നല്ല. നമ്മൾ ഒരു തെരുവിലൂടെ കാറോടിക്കുമ്പോൾ നമ്മൾ മാത്രമല്ലല്ലോ റോഡിലുള്ളത്. വേറെയും വാഹനങ്ങൾ ഉണ്ടാവും. അവയുടെ നീക്കങ്ങൾ നോക്കിയും ട്രാഫിക് നിയമങ്ങൾ പാലിച്ചും മാത്രമേ നമുക്ക് ഡ്രൈവ് ചെയ്യാനാവൂ. അന്താരാഷട്ര ശാക്തിക സംതുലനം പോലെ ഒരുപാട് കടമ്പകൾ ട്രാഫിക്കിൽ ഉണ്ടാവും. ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ അജണ്ടയുടെ പ്രയോഗവൽക്കരണത്തിന് ഇവ തടസ്സങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കും. അന്താരാഷ്ട്ര സാഹചര്യങ്ങൾ കണക്കിലെടുത്തേ നമുക്ക് മുന്നോട്ടു പോവാനാവൂ. എന്നാൽ നാം അങ്ങോട്ടുള്ള വഴിയിലല്ലേ എന്ന് ചോദിച്ചാൽ, വഴിയിലാണ്.

ഇമാം ഹസനുൽ ബന്നയും മൗലാനാ മൗദൂദിയും കാര്യമായി ഊന്നിപ്പറഞ്ഞത് ഇസ്‌ലാമിനെ അതിന്റെ സമഗ്രതയിൽ മനസ്സിലാക്കണമെന്നായിരുന്നു. എന്നാൽ ഇന്ന്, ദീനിനെയും ദുൻയാവിനെയും ഒരുമിപ്പിക്കുന്ന ദർശനമെന്ന നിലക്ക്, ഇസ്‌ലാം വിവിധ മേഖലകളിൽ ആദരിക്കപ്പെടുന്ന കാഴ്ചയാണ് നാം കാണുന്നത്. ഇസ്‌ലാമിക ബാങ്കുകളുടെ വിപുലനം ട്രില്യൻ ആസ്തിയിൽ എത്തിനിൽക്കുന്നു. കാന്റർബറി ബിഷപ്പ് ഈയിടെ നടത്തിയ പ്രഭാഷണത്തിൽ ഇസ്‌ലാമിക ശരീഅത്തിനെ ക്രിയാത്മകമായി ഉപയോഗപ്പെടുത്താൻ ആഹ്വാനം ചെയ്യുകയുണ്ടായി. ബ്രിട്ടൻ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്കാണ് അദ്ദേഹം ശരീഅത്ത് പരിഹാരമായി നിർദേശിച്ചത്; അല്ലാതെ ബ്രിട്ടനിലെ മുസ്‌ലിം ന്യൂനപക്ഷത്തിന്റെ പ്രശ്നങ്ങൾക്കല്ല. ബ്രിട്ടീഷ് നിയമവ്യവസ്ഥ സാമ്പത്തിക മേഖലയിൽ ഇസ്‌ലാമിക ശരീഅത്തിനെ അംഗീകരിച്ചിട്ടുണ്ട്. അവിടെ ഇസ്‌ലാമിക് ബാങ്ക് നിലവിൽ വന്നുകഴിഞ്ഞു. മുസ്‌ലിമെന്നോ അമുസ്‌ലിമെന്നോ ഭേദമില്ലാതെ ഏതൊരു ബ്രിട്ടീഷ് പൗരനും വീട് വാങ്ങുന്നതിന് പലിശയില്ലാ കടത്തിനു വേണ്ടി ഈ ബാങ്കിനെ സമീപിക്കാം. ചുരുക്കത്തിൽ ഇസ്‌ലാം സ്വയംതന്നെ ലോക പ്രശ്നങ്ങൾക്കുള്ള പരിഹാരമായി അതിനെ സമർപ്പിച്ചുകൊണ്ടിരിക്കുകയാണ്.

ഫലസ്ത്വീൻ പ്രശ്നം പരിശോധിച്ചു നോക്കുക. ഫലസ്ത്വീൻ വിമോചനം എന്ന ആശയം ഉയർത്തിക്കൊണ്ടു വന്നത് സെക്യുലരിസ്റ്റുകളായിരുന്നു. ഇപ്പോൾ പ്രശ്നം ഏറ്റെടുത്തിരിക്കുന്നത് ഇഖ്‌വാനുൽ മുസ്‌ലിമൂൻ നേതൃത്വം നൽകുന്ന സംഘടനയാണ്. പ്രശ്നം ഉയർത്തിക്കൊണ്ടു വന്ന സെക്യുലരിസ്റ്റുകളാവട്ടെ നിലപാടിൽനിന്ന് പിറകോട്ടു പോയി, ശത്രുവുമായി കച്ചവടമുറപ്പിച്ച് അതിലൊരു പങ്കുപറ്റി സ്വയം നശിച്ചു. ഇന്ന് ഏറ്റവും കൂടുതൽ പ്രചാരം ഇസ്‌ലാമിക പുസ്തകങ്ങൾക്കാണ്. ആതുര ശുശ്രൂഷയിലും ദുരിതാശ്വാസ പ്രവർത്തനങ്ങളിലും ഏറ്റവും സജീവമായിട്ടുള്ളത് ഇസ്‌ലാമിക ചാരിറ്റി സംഘങ്ങളും. ഇസ്‌ലാമിന്റെ സമഗ്രത ആശയതലത്തിൽനിന്ന് ഒരു ക്രിയാത്മക ബദൽ എന്ന മൂർത്തരൂപത്തിലേക്ക് വന്നുകഴിഞ്ഞു എന്നർഥം.

ഇസ്‌ലാമിക പ്രസ്ഥാനങ്ങളെ നോക്കുക. ഇന്നവ ഏറ്റവും വലിയ ജനകീയ പ്രസ്ഥാനങ്ങളായി മാറിക്കഴിഞ്ഞു. ഈ പ്രസ്ഥാനങ്ങൾക്ക് അധികാരം ലഭിച്ചിട്ടില്ല എന്നത് ശരിയാണ്. പക്ഷേ, ജനമസ്തിഷ്കങ്ങളിലേക്കും ഹൃദയങ്ങളിലേക്കും കടന്നുചെല്ലാൻ അവക്കുകഴിഞ്ഞിരിക്കുന്നു. മുസ്‌ലിംകൾ ഭൂരിപക്ഷമുള്ള ഏതൊരു നാട്ടിലെ യൂനിവേഴ്സിറ്റിയിലോ ബാർകൗൺസിലിലോ ട്രേഡ് മേഖലകളിലോ പാർലമെന്റ് മണ്ഡലങ്ങളിലോ സ്വതന്ത്രമായ തെരഞ്ഞെടുപ്പ് നടന്നാൽ ഇസ്‌ലാമിസ്റ്റുകൾ ജയിക്കും എന്നതാണ് സ്ഥിതി. എന്താണിതിന്റെ അർഥം? ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് അവയുടെ അജണ്ട ജനങ്ങളിലെത്തിക്കാൻ കഴിഞ്ഞിരിക്കുന്നു എന്നതുതന്നെ. ഇതായിരുന്നോ തൊള്ളായിരത്തി അമ്പതുകളിലെ സ്ഥിതി? തീർച്ചയായും അല്ല. മുസ്‌ലിമിന് നിർബന്ധ ബാധ്യതയായ നമസ്കാരത്തിന്റെ കാര്യമെടുക്കാം. അക്കാലത്ത് നമസ്കാരം നിർവഹിക്കുന്നവരുടെ എണ്ണം വളരെക്കുറവായിരുന്നു. അമ്പതുകളിൽ ഞാൻ സൈത്തൂന യൂനിവേഴ്സിറ്റിയിൽ പഠിക്കുമ്പോൾ അഞ്ചോ ആറോ വിദ്യാർഥികൾ മാത്രമാണ് നമസ്കാരം നിർവഹിക്കാറുണ്ടായിരുന്നത്. 1964 മുതൽ ’68 വരെ ഞാൻ ദമസ്കസ് യൂനിവേഴ്സിറ്റിയിൽ പഠിച്ചിരുന്നു. അക്കാലയളവിൽ അവിടെ ഹിജാബ് ധരിച്ച ഒരു പെൺകുട്ടിപോലും ഉണ്ടായിരുന്നില്ല. ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ മുസ്‌ലിം സമൂഹത്തെ എവിടെ നിന്ന് എവിടേക്കെത്തിച്ചു എന്ന് നിങ്ങൾ ആലോചിക്കണം. അധികാരം കിട്ടിയില്ല, അതിനാൽ നാമൊന്നും നേടിയില്ല എന്ന നിരാശ ചിന്ത ഇല്ലാതിരിക്കാൻ ഈ തിരിച്ചറിവ് വളരെ അത്യാവശ്യമാണ്.

ഇന്ന് മുസ്‌ലിം ലോകത്ത് അധികാരം മതവിരുദ്ധരായ സെക്യുലരിസ്റ്റുകളുടെ കൈകളിലാണ്. ഈ സെക്യുലരിസം പരാജയപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഇന്നതിന് ജനഹൃദയങ്ങളിൽ സ്ഥാനമില്ല തന്നെ. ഇവരെപ്പറ്റി ഇപ്പോൾ പറഞ്ഞു കേൾക്കുന്നത് അഴിമതിക്കഥകളാണ്. ഭരണകർത്താക്കൾ കൊള്ളക്കാരായി മാറിയിരിക്കുന്നു. ഇസ്രയേലും അമേരിക്കയുമാണ് അവരുടെ കൂട്ടാളികൾ. എന്നാൽ ഇസ്‌ലാമുമായി ബന്ധപ്പെടുത്തി പറഞ്ഞു കേൾക്കുന്നതോ? നീതി, സ്വാതന്ത്ര്യം, മനുഷ്യാവകാശം, വിമോചനം, അഗതി സംരക്ഷണം എന്നിങ്ങനെ ഉദാത്തമായ പലതും. പാവപ്പെട്ടവരെയും ദുർബലരെയും ഭരണകൂടങ്ങൾ കൈയൊഴിയുമ്പോൾ അവർക്ക് സഹായ ഹസ്തവുമായി ചെല്ലുന്നത് ഇസ്‌ലാമിക പ്രസ്ഥാനങ്ങളാണ്.

ചുരുക്കത്തിൽ, നൂറ് വർഷത്തിനിടയിൽ ഇസ്‌ലാം അതിന്റെ ഏറ്റവും മികച്ച അവസ്ഥയിലാണ് ഇന്ന് എത്തി നിൽക്കുന്നത്. ആദർശ വിശുദ്ധിയിൽ ഇന്നത്തെ മുസ്‌ലിംകൾ അവരുടെ തൊട്ടുമുമ്പുള്ള പൂർവികരെക്കാൾ എത്രയോ മെച്ചപ്പെട്ടിരിക്കുന്നു. മുസ്‌ലിം പൊതു സമൂഹത്തിന്റെ ആദർശ വിശ്വാസങ്ങളെ കലർപ്പുകളിൽനിന്ന് ശുദ്ധീകരിച്ചത് ഇസ്‌ലാമിക പ്രസ്ഥാനങ്ങളായിരുന്നു. വിശ്വാസത്തെ അവ ജീവിതവുമായി ബന്ധിപ്പിച്ചു. ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ ഈ പരിഷ്കരണ സംരംഭങ്ങൾ മേൽത്തട്ടുകാർക്കുള്ളതായിരുന്നില്ല; അവ എല്ലാ അർഥത്തിലും ജനകീയമായിരുന്നു. അഫ്ഗാനിയുടെയും മുഹമ്മദ് അബ്ദുവിന്റെയും പരിഷ്കരണ സംരംഭങ്ങൾ ചില നിർണിത വിഭാഗങ്ങളിൽ ഒതുങ്ങിയപ്പോൾ, ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ പരിഷ്കരണ സംരംഭങ്ങളെ ജനമധ്യത്തിലേക്ക് കൊണ്ടുവന്നു. ■

അടുത്ത ലക്കത്തിൽ: **ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ പരീക്ഷണങ്ങൾ**